# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4621** **20.10.2011 ന് മറുപടിയ്ക്ക്**

<u>അവശ്യ സാധനങ്ങളുടെ ലഭ്യത</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, കെ. ശിവദാസൻ നായർ<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അവശ്യ സാധനങ്ങളുടെ ലഭ്യതയും വിതരണവും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) വിപണിയിൽ അവശ്യ സാധനങ്ങളുടെ ലഭ്യതയും വിതരണവും ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിപണിയിട പെടൽ നടത്തി വരുന്നുണ്ട്. ഇതനുസരിച്ച് അരിയുൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന ശാലകൾ വഴി പൊതു വിപണി വിലയെക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു വരുന്നു.<br>നിലവിൽ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണംചെയ്യുന്ന തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായി വിട്ടെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന തിന് അനുവദിക്കുന്ന സാധനങ്ങൾ യഥാസമയം വിട്ടെടുത്ത്. വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുമോ;<br>(സി) എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (ബി) & (സി)<br>ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ